# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.458

## 29-10-2019 ൽ മറുപടിക്ക്

## കിഫ്ബിയുടെ ഓഡിറ്റിംഗ്

| ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ ഓഡിറ്റിംഗ് നടത്തുന്നതിന് നിയമപരമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ; | നിലവിൽ കിഫ്ബിയിൽ നിലനിൽക്കുന്ന വിവിധ തലത്തിലുള്ള ഓഡിറ്റിങ് സമ്പ്രദായവും അനുബന്ധ നിരീക്ഷണ സംവിധാനങ്ങളും താഴെ പറയുംപ്രകാരമാണ്.<br>**C&AG ഓഡിറ്റ്:**<br>കിഫ്ബിയുടെ മുഴുവൻ വരവും മുഴുവൻ ചെലവുകളും C&AG-DPC Act Section 14(1) പ്രകാരം സമഗ്ര ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ടു തവണ ഈ ഓഡിറ്റ് നടന്നിട്ടുണ്ട്.<br>**സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ:**<br>ആക്ട് നിഷ്കർഷിക്കുന്ന വിധം ഒരു സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററാണ് കിഫ്ബിയുടെ വാർഷിക ഓഡിറ്റ്, ടാക്സ് ഓഡിറ്റ് എന്നിവ ചെയ്തുവരുന്നത്. ഇത് കൂടാതെ കിഫ് ആക്ടിലെ ഒരു സുപ്രധാന നിരീക്ഷണ സംവിധാനമായ ഫണ്ട് ട്രസ്റ്റീ ആൻഡ് അഡ്വൈസറി കമ്മീഷൻ (FTAC) ന ആവശ്യമായ സാക്ഷ്യപ്പെടുത്തിയ വിവരങ്ങളും അനുബന്ധ രേഖകളും ഈ ഓഡിറ്റേഴ്സ് യഥാസമയങ്ങളിൽ തയ്യാറാക്കിവരുന്നു.<br>**ഫണ്ട് ട്രസ്റ്റീ ആൻഡ് അഡ്വൈസറി കമ്മീഷൻ (FTAC):**<br>കിഫ്ബിയുടെ ധനവിനിയോഗം ആക്ടിലെയും പദ്ധതിയിലെയും വ്യവസ്ഥകൾക്ക് അനുസൃതമായാണ് എന്ന് നിരീക്ഷിക്കേണ്ട ചുമതല പ്രത്യേക അധികാരങ്ങളുള്ള ഈ കമ്മീഷനാണ്. ധനകാര്യ മേഖലയിൽ ദേശീയ/അന്തർദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടവരും അവരുടെ സേവന മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ചവരുമാണ് ഈ കമ്മീഷനിലേക്ക് നിയമിക്കപെടുന്നത്. കിഫ്ബിയുടെ ധനവിനിയോഗം ഉചിതവും യുക്തവുമാണെന്ന പക്ഷം അർദ്ധ വാർഷിക അടിസ്ഥാനത്തിൽ 'ഫിഡെലിറ്റി സർട്ടിഫിക്കറ്റ്' നൽകേണ്ട ചുമതലയും ഈ കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതിനാവശ്യമായ ഏത് രേഖകളും വിശദാംശങ്ങളും കമ്മീഷനു |

| | |
|---|---|
| | ആവശ്യപ്പെടാവുന്നതും ആയത് ഉദ്യോഗസ്ഥർ ലഭ്യമാക്കേണ്ടതുമാണ്. കിഫ്‌ബിയുടെ വരുമാനങ്ങളും അവയുടെ വിനിയോഗവും അധികമായുള്ള ഫണ്ടിന്റെ നിക്ഷേപം എന്നിവ കിഫ് ആക്ടിലെ മാനദണ്ഡങ്ങൾക്ക് വിധേയമാണെന്നും, കിഫ്‌ബിയുടെ കൈവശമുള്ള തുക അടുത്ത 6 മാസ കാലയളവിലെ തിരിച്ചടവ് ബാധ്യതകൾ വീട്ടുവാൻ പര്യാപ്തമാണെന്നുമാണ് ഫിഡെലിറ്റി സർട്ടിഫിക്കറ്റ്. ഈ രേഖ എല്ലാ വർഷവും നിയമസഭയ്ക്ക് മുമ്പാകെ ബജറ്റ് ഡോക്യുമെന്റിനോടൊപ്പം സമർപ്പിക്കുന്നു. ഈ കമ്മീഷൻ കിഫ്‌ബിയുടെ വളർച്ചയിലും പ്രവർത്തനത്തിലും ക്രിയാത്മകമായി ഇടപെടുകയും നിർദ്ദേശങ്ങൾ തരുകയും ചെയ്യാറുണ്ട്. കിഫ്‌ബിയുടെ എല്ലാ പ്രവർത്തനങ്ങളും പദ്ധതികളുടെ പുരോഗതിയും ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു റിപ്പോർട്ട് ത്രൈമാസിക അടിസ്ഥാനത്തിൽ കമ്മീഷന് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.<br>**ഇൻറർണൽ ഓഡിറ്റിംഗ് സംവിധാനം:**<br>കിഫ്‌ബി ഏറ്റെടുത്തിരിക്കുന്ന പ്രവർത്തികളുടെ ബാഹുല്യം കണക്കിലെടുത്ത് നിലവിലെ അക്കൗണ്ട്സ് വിഭാഗത്തെ ശക്തിപ്പെടുത്തുവാനും മെച്ചപ്പെട്ട ഇൻറർണൽ ഓഡിറ്റിംഗ് സംവിധാനം കൊണ്ടുവരുന്നതിനും 37- മത് കിഫ് ബോർഡ് യോഗം തീരുമാനിച്ചു. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ റാങ്കിലുള്ള ഒരു ചീഫ് ഓഡിറ്റർ, ഒരു ഡെപ്യൂട്ടി അക്കൗണ്ട്സ് ഓഫീസർ, ഒരു അക്കൗണ്ട്സ് എക്സിക്യൂട്ടിവ് എന്നീ സ്ഥാനങ്ങളിലേക്ക് ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ/കോൺട്രാക്ട് വ്യവസ്ഥകളിൽ നിയമിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>**പിയർ റിവ്യൂ ഓഡിറ്റർ:**<br>കിഫ്‌ബിയുടെ മസാല ബോണ്ടിന്റെ ഭാഗമായി നിക്ഷേപകരുമായുള്ള ഉടമ്പടിയിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററിനെയും/ പിയർ റിവ്യൂ ഓഡിറ്ററിന്റെയും നിയമിക്കുന്നതിനുള്ള മാനദണ്ഡം നിലവിൽ ഉണ്ട്. ഈ ഉടമ്പടി പ്രകാരം നിശ്ചിത കാലയളവുകളിൽ കിഫ്‌ബിയുടെ വിശദമായ അക്കൗണ്ട്സ് ത്രൈമാസിക, അർദ്ധവാർഷിക, വാർഷിക അടിസ്ഥാനത്തിൽ ട്രസ്റ്റീ മുഖേന നിക്ഷേപകർക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ രീതിയിൽ പുതിയ ഓഡിറ്റേഴ്സിനെ തിരഞ്ഞെടുക്കുവാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. |
| (ബി) നിലവിൽ കിഫ്‌ബിയുടെ ഓഡിറ്റിംഗ് നടത്തിവരുന്നത് എപ്രകാരമാണ്; ഏതെല്ലാം ഏജൻസികൾ ഏതൊക്കെ | കിഫ്‌ബി C&AG യുടെ സമ്പൂർണ്ണ ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ട് തവണ പ്രസ്തുത ഓഡിറ്റ് നടന്നിട്ടുണ്ട്. കിഫ് ആക്ട് അനുശാസിക്കും പ്രകാരം സർക്കാർ നിയമിച്ച ഒരു സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിങ് നടന്നുവരുന്നു. കൂടാതെ നിക്ഷേപകരുടെ താല്പര്യം കണക്കിലെടുത്ത് സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററേയും പീർ റിവ്യൂ |

| | |
|---|---|
| നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഓഡിറ്റിംഗ് നടത്തിവരുന്നത്; വിശദവിവരം നൽകുമോ; | ഓഡിറ്ററേയും നിയമിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുവാനുള്ള നടപടികളും പുരോഗമിക്കുന്നു. |
| (സി) കിഫ്ബിയുടെ ഓഡിറ്റ് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റിംഗിന്റെ പരിധിയിൽ വരുന്നുണ്ടോ; ഇക്കാര്യത്തിൽ എ.ജി.യുടെ ഓഡിറ്റില്ലെന്നുള്ള മാധ്യമവാർത്തകളുടെ നിജസ്ഥിതി എന്താണ്; വിശദവിവരം നൽകുമോ? | കിഫ്ബിയിലെ ഓഡിറ്റ് സംബന്ധിച്ച വസ്തുതകളുടെ ഒരു സംഗ്രഹം ചുവടെ ചേർക്കുന്നു.<br>1. ഇന്ത്യൻ ഭരണഘടന പ്രകാരം പരമോന്നത ഓഡിറ്റിങ് സ്ഥാപനം എന്ന നിലയിൽ കിഫ്ബിയെ ഓഡിറ്റ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സെക്ഷൻ 14 പ്രകാരം സി&എജിയ്ക്കുണ്ട്. അങ്ങനെയാണെന്നിരിക്കെ കിഫ്ബിയെ ഓഡിറ്റ് ചെയ്യുന്നതിന് സി&എജിയെ സർക്കാർ പ്രത്യേകം ചുമതലപ്പെടുത്തേണ്ട കാര്യമില്ല.<br>2. കിഫ്ബി പോലെയുള്ള ഒരു സ്ഥാപനത്തിൽ DPC ആക്ട് സെക്ഷൻ 14 പ്രകാരം സി&എജിയ്ക്ക് സമ്പൂർണ്ണ ഓഡിറ്റിങ്ങിനു അധികാരമുണ്ട്. നിയമപരമായി ഒരു ഓഡിറ്റിങ് പരിമിതികളും ഇതിനില്ല.<br>3. ഇതിനു പുറമെ കിഫ്ബിയിൽ ആക്ട് പ്രകാരം നിലനിൽക്കുന്ന ഓഡിറ്റിന് സമാന്തരമായി സി&എജിയുടെ ഓഡിറ്റ് സഹവർത്തിക്കാവുന്നതാണ്.<br>4. DPC Act സെക്ഷൻ 20(2) അനുസരിച്ചുള്ള ഓഡിറ്റ് കിഫ്ബിയ്ക്ക് ബാധകമല്ല. കൂടാതെ, ഈ ആക്ടിലെ സെക്ഷൻ 14 പ്രകാരമുള്ള ഓഡിറ്റിങ് അധികാരം സെക്ഷൻ 20(2)നെക്കാൾ വിശാലവും സമ്പൂർണ്ണവുമാണ് എന്ന് നാഷണൽ ഡെയറി ഡെവലപ്മെന്റ് ബോർഡിലെ സി&എജിയുടെ ഓഡിറ്റ് സംബന്ധിക്കുന്ന വിധിയുമായി ബന്ധപ്പെട്ട് ബഹുമാനപെട്ട ഡൽഹി ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്.<br>5. DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് സെക്ഷൻ 14(1) നേക്കാൾ കൂടുതൽ സമഗ്രമാണെന്ന് ആ ആക്ടിൽ എവിടെയും പ്രതിപാദിക്കുന്നില്ല. കൂടാതെ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് സി&എജി നിരുപാധികമായ അധികാരപരിധിയിൽ വരുന്നതാണെന്നിരിക്കെ സെക്ഷൻ 20(2) ഓഡിറ്റിന് ഒരു നടപടിക്രമത്തിലൂടെ നേടിയെടുക്കേണ്ടതാണ്. സമ്പൂർണ്ണമായ ഓഡിറ്റിങ് അധികാരം ഉണ്ടെന്നിരിക്കെ ഇങ്ങനെ ഒരു നടപടി അപ്രസക്തമാണ്. |

P. A. Suni (signature)

**ജോയിന്റ് സെക്രട്ടറി**